## ജനസമ്പർക്ക പരിപാടി: കൂട്ടായ്മയുടെ നേട്ടം

ജനസമ്പർക്ക പരിപാടി ഒരു വ്യക്തിയുടെയോ ഏതാനും ചിലരുടെയോ നേട്ടമല്ലെന്നും ഇതൊരു വലിയ കൂട്ടായ്മയുടെ നേട്ടമാണെന്നും ജില്ലയിലെ ജനസമ്പർക്ക പരിപാടി തൃശ്ശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തുകൊ് മുഖ്യമന്ത്രി ഉമ്മൻചാടി പറഞ്ഞു.

എല്ലാവരും കൂടി ഒത്തുചേരുമ്പോൾ അത്ഭുതങ്ങൾ കാട്ടാനാകും അത് ജനസമ്പർക്ക പരിപാടിയിലൂടെ തെളിയിച്ചുകൊിരിക്കുകയാണ്. ഭരണ – പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനങ്ങളുടെ ആവശ്യങ്ങൾക്കായി എല്ലാവരും പങ്കാളികളാകുന്ന കാഴ്ച ആനന്ദകരമാണ്. പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചാൽ ജനങ്ങൾക്ക് താൽപര്യമുാകുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

തങ്ങളുടെ ആവശ്യങ്ങൾ കേൾക്കുകയും പരിഗണിക്കുകയും ചെയ്യുന്നുവെന്ന് ജനങ്ങൾമനസ്സിലാക്കുന്നതിന് തെളിവാണ് ഓരോ ജില്ലയിലും നടക്കുന്ന ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കുന്ന ആളുകളുടെ എണ്ണം വർധിക്കുന്നത്. ഒരു ദിവസംകൊ് ജില്ലയിലെ പരാതികൾ തീർപ്പാക്കാൻ കഴിയില്ല. അതുകൊുതന്നെ ഇത്തരം പരാതികൾ മോണിട്ടർ ചെയ്യുന്ന സമ്പ്രദായം കൊുവരുന്നതിനെക്കുറിച്ച് പരിശോധിക്കും. മുഖ്യമന്ത്രി ഇടപെട്ടായിരിക്കും പരിശോധന . 14 ജില്ലകളിൽ ജനസമ്പർക്ക പരിപാടി കഴിയുന്നതിന്റെ ഭാഗമായി സമഗ്ര പരിശോധന നടത്തും. അതിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾകൊുവരുമെന്നും അദ്ദേഹം പറഞ്ഞു.

പരാതികൾ കേൾക്കണമെന്നും അവ പരിശോധിക്കുമ്പോൾ പോസിറ്റീവായി സമീപിച്ച് കഴിയുന്ന സഹായങ്ങൾ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടു്. അതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്കു വിധേയമായി ബി.പി.എൽ. ആക്കുന്ന കാര്യം പരിഗണിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സഹകരണ മന്ത്രി സി.എൻ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എൽ.എ മാരായ തേറമ്പിൽ രാമകൃഷ്ണൻ , ബി. ഡി. ദേവസ്സി , വി.എസ്. സുനിൽകുമാർ, സി. രവീന്ദ്രനാഥ്, കെ. വി. അബ്ദുൾ ഖാദർ , ടി.എൻ. പ്രതാപൻ, ബാബു എം. പാലിശ്ശേരി , എം. പി. വിൻസന്റ് , പി.എ. മാധവൻ , ഗീത ഗോപി , മുൻമന്ത്രി കെ. പി. വിശ്വനാഥൻ , മേയർ ഐ.പി. പോൾ , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. ദാസൻ , ജില്ലാ കളക്ടർ പി.എം. ഫ്രാൻസിസ്, ഐ. ജി. ബി. സന്ധ്യ , കമ്മീഷണർ പി. വിജയൻ , എസ്. പി. ദേബേഷ്കുമാർ ബെഹ്റ, എ.ഡി.എം. ഡോ. പി. കെ. ജയശ്രീ, ഡെപ്യൂട്ടി കളക്ടർ പി. മേരിക്കുട്ടി, സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രിതിനധികൾ , ഉദ്യോഗസ്ഥർ , രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## 10 ലക്ഷം ധനസഹായം നൽകിക്കൊ് തുടക്കം

മുഖ്യമന്ത്രി യുടെ ജനസമ്പർക്ക പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം കഴിഞ്ഞയുടൻ അപകടം സംഭവിച്ചവരുടേതടക്കം അഞ്ച് കുടുംബങ്ങൾക്ക് ധനസഹായം നൽകി.

അപകടമരണം സംഭവിച്ച ടാക്സി ഡ്രൈവർ താണിക്കുടം അനൂപിന്റെ പിതാവ് അബ്രഹാം രു ലക്ഷം രൂപ ധനസഹായം മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി . ഓട്ടുകമ്പനിയിൽ തൊഴിലാളിയായിരുന്ന പുതുക്കാട് പങ്കജാക്ഷന്റെ കുടുംബത്തിന് 5 ലക്ഷം രൂപ മുഖ്യമന്ത്രി നൽകി. യന്ത്രത്തിൽ കുടുങ്ങിയാണ് പങ്കജാക്ഷന് കാലുകൾ നഷ്ടമായത്. അദ്ദേഹത്തിന്റെ ഭാര്യ ഭാരതി സഹായമേറ്റുവാങ്ങി.

ബസ്സിൽനിന്നും വീണ് മരണപ്പെട്ട നിഷിതയുടെ മാതാവ് വലിയകത്തു ബുഷ്റയ്ക്ക് ഒരു ലക്ഷം രൂപ നൽകി. മരണമടഞ്ഞ മനക്കൊടി പൊൻമാണി സ്റ്റീഫന്റെ പിതാവ് ലൂയിസിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി. കൈപ്പറമ്പ് അറയ്ക്കൽ ആന്റണിക്ക് ഒരു ലക്ഷം രൂപ മരണാനന്തര സഹായമായി മുഖ്യമന്ത്രി അനുവദിച്ചു. തുടർന്ന് സ്റ്റേജിനരികിൽ ആംബുലൻസിൽവന്ന ശയ്യാവലംബികളായ ഏഴു രോഗികളുടെ പരാതികേട്ടു, അതിനു ശേഷം വികലാംഗരുടെ പരാതി കേൾക്കാനായി മുഖ്യമന്ത്രി പവലിയനിലേക്കു പോയി.